dakshin

# 9 പാഠങ്ങൾ

16 വർഷത്തെ ഞങ്ങളുടെ മത്സ്യബന്ധന പ്രവർത്തനങ്ങളിൽ നിന്ന്



കഴിഞ്ഞ 16 വർഷമായി സമുദ്രത്തിൻറെയും തീരദേശ സമൂഹങ്ങളുടെയും പ്രശ്നങ്ങളിൽ മത്സ്യത്തൊഴിലാളികളോടൊപ്പം ചേർന്ന് നിരവധി കാര്യങ്ങൾ ഞങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. ഇന്ത്യയിലെ മത്സ്യബന്ധനമേഖല വളരെ പ്രധാനപ്പെട്ടതും വൈവിധ്യമാർന്നതുമാണ്. ഈ മേഖല ഇന്ന് സമുദ്ര വിഭവങ്ങളുടെ ശോഷണം, കാലാവസ്ഥാ വ്യതിയാനം തുടങ്ങി നിരവധി വെല്ലുവിളികൾ നേരിടുന്നു.

ഞങ്ങളുടെ “#KhaneKeLiyeBachao” (ഭക്ഷണത്തിനായും സംരക്ഷിക്കുക) ക്യാംപെയ്നിന്റെ ചിഹ്നമായ മച്ഛി മാൻ, ഞങ്ങളുടെ 16 വർഷത്തെ മത്സ്യമേഖലയിലെ പ്രവർത്തനത്തിൽ നിന്ന് ഞങ്ങൾ പഠിച്ച 9 പ്രധാന പാഠങ്ങൾ നിങ്ങളുമായി പങ്കിടുകയാണ്. ഇവ ഇന്ത്യയിലെ മത്സ്യബന്ധനത്തിനും തീരദേശത്തിനും കൂടുതൽ സുസ്ഥിരവും സമത്വപൂർണ്ണവുമായ ഭാവി പ്രവർത്തനങ്ങൾ രൂപപ്പെടുത്താൻ സഹായിക്കും.

**ഞങ്ങൾ മനസിലാക്കിയ ആ പ്രധാന പാഠങ്ങൾ ഇവയാണ്:**



**#1** മത്സ്യബന്ധനത്തിന് എല്ലായിടത്തും ഒരേ രീതിയിലുള്ള അനുയോജ്യമായ പരിഹാരം ഇല്ല. പക്ഷേ ചില അടിസ്ഥാന പരിഹാരങ്ങളും തത്വങ്ങളും പലയിടത്തും ഒരുപോലെ ഉപയോഗിക്കാവുന്നതാണ്.



**#2** മത്സ്യത്തൊഴിലാളികളാണ് മത്സ്യബന്ധന മേഖലയെ നയിക്കേണ്ടത്! അവരെ ഒഴിവാക്കുന്നതിലൂടെ, അവരുടെ അമൂല്യമായ അറിവും കഴിവുകളും നമുക്ക് നഷ്ടമാവുകയും, ഇതിലൂടെ സുസ്ഥിരമായ പരിഹാരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള അവസരങ്ങൾ കൂടി  ഇല്ലാതാക്കപ്പെടുകയും ചെയ്യുന്നു.







**#3** മത്സ്യത്തൊഴിലാളികൾക്കും പരിസ്ഥിതിപ്രവർത്തകർക്കും പലപ്പോഴും വ്യത്യസ്ത മുൻഗണനകൾ കാണും. എന്നാൽ ഈ വ്യത്യാസങ്ങൾ മത്സ്യത്തൊഴിലാളികൾക്കൊപ്പമുള്ള മികച്ച സംഭാഷണങ്ങൾക്കും ചർച്ചകൾക്കുമുള്ള തുടക്കത്തിനായി പ്രയോജനപ്പെടുത്താം.





**#4** സുസ്ഥിര പ്രവർത്തനങ്ങൾക്ക്
സഹകരണമാണ് ആവശ്യം, കുറ്റപ്പെടുത്തൽ
അല്ല! മത്സ്യബന്ധന മേഖലയിൽ -
മത്സ്യത്തൊഴിലാളി മുതൽ ഉപഭോക്താവുവരെ
– എല്ലാവരും ചേർന്ന് പ്രവർത്തിക്കുമ്പോഴാണ്
സുസ്ഥിരമായ ഉത്പാദന-വിതരണ ശൃംഖലകൾ
സാധ്യമാകുന്നത്.





**#5** ശാസ്ത്രീയ അറിവു പോലെ തന്നെ,
പ്രാദേശിക പാരിസ്ഥിതിക അറിവും (Local
Ecological Knowledge) വിലപ്പെട്ടതാണ്! സമുദ്ര
ആവാസവ്യവസ്ഥകളെ തദ്ദേശീയർ വളരെ
നന്നായി മനസ്സിലാക്കിയിട്ടുണ്ട്.



**#6** സ്ത്രീകൾ മത്സ്യബന്ധനത്തിന്റെ പ്രധാന പങ്കാളികളാണ്. എന്നാൽ സബ്സിഡികൾ, അവസരങ്ങൾ, പ്രാതിനിധ്യം എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ അവർ ഇപ്പോഴും അസമത്വവും വെല്ലുവിളികളും നേരിടുന്നുണ്ട്. അവരെ അവിഭാജ്യ പങ്കാളികളായി അംഗീകരിക്കുന്ന തുല്യ നയങ്ങൾ രൂപപ്പെടുത്തുന്നതിന് മത്സ്യമേഖലയിലെ സ്ത്രീകളുടെ പങ്കിനെക്കുറിച്ച് വിശദമായ രേഖപ്പെടുത്തലുകൾ ഉണ്ടാവേണ്ടതുണ്ട്.



**#7** മത്സ്യമേഖലയുടെ ദീർഘകാല സുസ്ഥിരതയ്ക്ക് യുവജനങ്ങളുടെ പങ്കാളിത്തം നിർണായകമാണ്. അടിയന്തര പ്രവർത്തനങ്ങൾക്കും  പരിസ്ഥിതി സൗഹൃദ രീതികൾ പിന്തുടരുന്നതിനും അവർ സമൂഹത്തെ പ്രചോദിപ്പിക്കുന്നു.





**#8** വിജയകരമായ പരിസ്ഥിതി സംരക്ഷണനേതൃത്വം ഔപചാരിക അധികാരത്തിൽ മാത്രം ഒതുങ്ങുന്നതല്ല. തദ്ദേശീയ സമൂഹങ്ങളെ മുൻ നിരയിൽ നിൽക്കാൻ പ്രാപ്തരാക്കുമ്പോഴാണ് പരിസ്ഥിതിസംരക്ഷണശ്രമങ്ങൾ വിജയകരമായ രീതിയിൽ മുന്നേറുന്നത്.





**#9** ദീർഘകാല പ്രതിബദ്ധതയാണ് സുസ്ഥിര മത്സ്യബന്ധനത്തിന്റെ അടിസ്ഥാനം. വിഭവ സംരക്ഷണത്തിന് അനിവാര്യമായ, സഹകാരികൾ തമ്മിലുള്ള വിശ്വാസം വളർത്തുവാനും സഹകരണം ഉറപ്പാക്കുവാനും ഇത് സഹായിക്കുന്നു.



Khane ke liye bachao

# #KhaneKeLiyeBachao!

## - യുടെ പ്രവർത്തനങ്ങളിൽ ഞങ്ങളോടൊപ്പം ചേരൂ!

**ADDRESS**
2203, 8th Main Rd, MCECHS Layout, D Block, Sahakar Nagar,
Bengaluru, Karnataka 560092

**PHONE**
+91 80 42113509

**EMAIL**
info@dakshin.org

dakshin